**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1774** **31-08-2022 - ൽ മറുപടിയ്ക്ക്**

**മാതൃകാ അംഗൻവാടികളുടെ നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മാതൃകാ അംഗൻവാടികളുടെ നിർമാണം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | (എ) സംസ്ഥാനത്ത് ഒരു നിയോജകമണ്ഡലത്തിൽ മാതൃക അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തി വകുപ്പ് വിഹിതമായി 17 ലക്ഷം രൂപയും ബന്ധപ്പെട്ട എം.എൽ.എ വിഹിതമായി 6.75 ലക്ഷം രൂപയും ചേർത്ത് ആകെ 23.75 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റ് ആയി വിനിയോഗിച്ച് 122 മാതൃക അങ്കണവാടികൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുകയും ആയതിൽ 101 അങ്കണവാടികളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2019 മുതൽ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി ആരംഭിച്ചതിനാൽ നിലവിൽ മാതൃക അങ്കണവാടി കെട്ടിട നിർമ്മാണം പ്രോത്സാഹിപ്പിച്ചു വരുന്നില്ല. |
| (ബി) | നിലവിൽ എത്ര മാതൃകാ അംഗൻവാടികളുടെ നിർമാണമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | (ബി) സംസ്ഥാനത്ത് നാളിതുവരെ 122 മാതൃക അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുകയും ആയതിൽ 101 അങ്കണവാടികളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | മാതൃക അംഗൻവാടികളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ? | (സി) | (സി) അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി ലഭ്യമാകുന്ന 10 സെന്റ് സ്ഥലത്ത് 910 Sq. ft വിസ്തൃതിയിൽ ആണ് മാതൃക അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നത്. പ്രസ്തുത അങ്കണവാടികളിൽ ക്ലാസ്സ് റൂം, ഡൈനിംഗ് റൂം, റീഡിംഗ് റൂം, മുതിർന്ന സ്ത്രീകളുടെ പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം, അടുക്കള, സ്റ്റോർ റൂം, ശിശു സൗഹൃദ ടോയ്‌ലെറ്റ്, സ്ത്രീ സൗഹൃദ ടോയ്‌ലെറ്റ്, വാഷ് ഏരിയ, കുടിവെള്ളം എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ